**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1958** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഇ-വേസ്റ്റ് സംസ്കരണത്തിന് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഇ-വേസ്റ്റ് സംസ്കരണത്തിനുള്ള സംവിധാനം ലഭ്യമാണോയെന്ന് വ്യക്തമാക്കാമോ; | (എ) | ഇ-വേസ്റ്റ് റീസൈക്ലിംഗ് (സംസ്കരണം) യൂണിറ്റ് കേരളത്തിൽ പ്രവർത്തിക്കുന്നില്ല. എന്നാൽ M/s. KEIL, Ambalamedu ൽ ഒരു Dismantling unit പ്രവർത്തിക്കുന്നുണ്ട്. കൂടാതെ M/s. Sahya solutions ന്റെ ഇടുക്കിയിൽ ഒരു Dismantling യൂണിറ്റ് നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നുണ്ട്. സർക്കാർ ഏജൻസിയായി ക്ലീൻ കേരള കമ്പനി ഇ-വേസ്റ്റ് ശേഖരിക്കുന്നുണ്ട്. കൂടാതെ 27 ഓളം മറ്റ് ശേഖരണ ഏജൻസികളും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് നിലവിൽ എത്ര ഇ-വേസ്റ്റ് ഉണ്ടാകുന്നു എന്ന സർവേ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സർവ്വേ നടത്തിയിട്ടില്ല. |
| (സി) | നിലവിൽ സ്കൂളുകളിൽ കമ്പ്യൂട്ടറുകളും മറ്റും കേടായാൽ സ്കൂളിൽ തന്നെ അവ കൂട്ടിവയ്ക്കുന്നത് കുട്ടികളുടെ ആരോഗ്യത്തെ ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലുണ്ടാകുന്ന ഇ-മാലിന്യങ്ങൾ കൂട്ടിവെയ്ക്കുന്നത് തടയുന്നതിനും അവ ശാസ്ത്രീയമായി നിർമാർജനം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 2017 മുതൽ സ്കൂളുകളിൽ വിതരണം ചെയ്ത ഉപകരണങ്ങൾക്ക് 5 വർഷത്തെ വാറണ്ടിയും ഇൻഷ്വറൻസ് പരിരക്ഷയും കേടായാൽ സ്കൂളിലെത്തി പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള സംവിധാനങ്ങളും യഥാസമയം കേടുപാടുകൾ പരിഹരിച്ചില്ലെങ്കിൽ കമ്പനികളിൽ നിന്ന് ഫൈൻ ഈടാക്കുന്നതിനും, കൈറ്റിന്റെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സംവിധാനം ഒരുക്കിയിട്ടുണ്ട്. കൂടാതെ ഡിജിറ്റൽ ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചാൽ സ്കൂളുകൾക്ക് വെബ് പോർട്ടലിലൂടെയും (kite.kerala.gov.in/support) ടോൾഫ്രീ നമ്പർ മുഖേനയും (1800 4256 200) പരാതികൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ